പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2781 | 17.10.2016 ൽ മറുപടി നല്കേണ്ടത്. |

**ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള പാലിലെ മായം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി. കെ.ശശീന്ദ്രൻ**<br>**ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.എസ്.രാജേന്ദ്രൻ**<br>**ശ്രീ.ജോർജ് എം. തോമസ്.** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന പാലിൽ വ്യാപകമായി മായം ചേർത്തിട്ടുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ സർക്കാർ നടത്തിയ പരിശോധനയുടെ വിശദാംശം അറിയിക്കുമോ; | എ)<br>ബി)<br>സി) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ ബ്രാൻഡുകളിലും ഉള്ള പാലും, പാൽ ഉൽപ്പന്നങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിച്ച് കൃത്യമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ഓണം പോലുള്ള ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടുകൂടി ചെക്ക്പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.ആന്റിബയോട്ടിക്ക് ചേർത്ത പാൽ രാജ്യത്ത് പല സ്ഥലങ്ങളിലും ലഭ്യമാണെന്നുള്ള പത്രവാർത്തകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ്. ഇത്തരത്തിൽ ആന്റിബയോട്ടിക്ക് ചേർത്ത പാൽ പരിശോധനയിൽ കണ്ടെത്തിയതായി ഭക്ഷ്യസുരക്ഷാ അതോറിറ്റി ഓഫ് ഇൻഡ്യ സംസ്ഥാനങ്ങളെ അറിയിച്ചിട്ടില്ല.<br><br>ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നാഷണൽ മിൽക്ക് ക്വാളിറ്റി സർവ്വെ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവിധ സംസ്ഥാനങ്ങളെ 8 ക്ലസ്റ്ററുകളായി തിരിച്ച് സർവ്വെ നടത്തി വരികയാണ്. ഇതിൽ തമിഴ്നാട്, കർണ്ണാടക, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളടങ്ങിയ 5-ാം ക്ലസ്റ്ററിലാണ് കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സെപ്റ്റംബർ 29ന് ഡൽഹിയിൽ നടന്ന സെൻട്രൽ അഡ്വൈസറി കമ്മിറ്റി |
| ബി) | പാൽ എളുപ്പം കേടാകാതിരിക്കാൻ മരുന്നുകളും, ആന്റിബയോട്ടിക്കുകളും ഉപയോഗിക്കുന്നതായി ഭക്ഷ്യസുരക്ഷാ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതു തടയാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | | |
| സി) | ആരോഗ്യത്തിന് ഹാനികരമായ ഇത്തരം പാൽ സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്നത് തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | മീറ്റിംഗിൽ പാലിന്റെ ഗുണനിലവാരം കണ്ടുപിടിക്കുന്നതിനും മായം ചേർത്തത് കണ്ടുപിടിക്കുന്നതിനും ആവശ്യമായ Electronic Milk Adultertion Tester with milk analyser എന്ന ഉപകരണം 2 എണ്ണം കേരളത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. ഇതിന്റെ പ്രവർത്തനം നിരീക്ഷിച്ചതിനു ശേഷം ഈ ഉപകരണം ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ കുടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും സംസ്ഥാനത്തെ വിപണിയിൽ ലഭ്യമായിട്ടുള്ളതും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സാമ്പിൾ പരിശോധനയ്ക്കെടുക്കുകയും അതിൽ നിശ്ചിത ഗുണനിലവാരം ഇല്ലാതെ വിൽപ്പന നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുമുണ്ട്.ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ 21-ാം വകുപ്പു പ്രകാരം ഭക്ഷണ പദാർത്ഥങ്ങളിൽ നേരിട്ടോ അല്ലാതെയോ ആന്റി ബയോട്ടിക്ക്സിന്റെയോ, കീടനാശിനികളുടെയോ വെറ്ററിനറി ഡ്രഗ്സിന്റെയോ അംശം ഭക്ഷണപദാർത്ഥത്തിൽ അനുവദനീയമല്ല. ഇതനുസരിച്ച് അനുവദനീയമല്ലാത്ത ഇത്തരം വസ്തുക്കൾ പാലുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ കണ്ടെത്തിയാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം ഭക്ഷ്യവസ്തുക്കൾ നിരോധിക്കാനും സാധിക്കും. |

സെക്ഷൻ ഓഫീസർ